

# ഒരു ചൂട്ടിന്റെ വെളിച്ചം

പുല്ലുപോലും മുളക്കില്ല എന്ന് എല്ലാവരും വിധിയെഴുതിയ ഭൂമിയെ തിരിച്ചുപിടിച്ച കഥയാണ് രാധാ മോഹന്റെയും മകൾ സബർമതിയുടെയും. ഒഡിഷയിലെ നയാഗർ ജില്ലയിൽ ഒന്നിനും പറ്റാതെ കിടന്ന പാഴ്ഭൂമി 32 വർഷം മുമ്പാണ് രാധാ മോഹൻ വാങ്ങുന്നത്. മേൽമണ്ണെല്ലാം ഒലിച്ചുപോയ ഒന്നിനും പറ്റാത്ത ഭൂമിയായിരുന്നു അത്.

എല്ലാവരും അത് വാങ്ങുന്നതിൽനിന്ന് അദ്ദേഹത്തെ പിന്തിരിപ്പിച്ചു. എന്നാൽ ജൈവമാർഗത്തിലൂടെ ആ ഭൂമിയെ തിരിച്ചുപിടിക്കാൻ കഴിയും എന്ന് ആ അച്ഛനും മകളും ഉറച്ച് വിശ്വസിച്ചു. മൂന്ന് വർഷത്തോളം കഠിനമായി ശ്രമിച്ചപ്പോൾ ചില മാറ്റങ്ങൾ കാണാൻ തുടങ്ങി. പതിയെ പുല്ല് മുളക്കാൻ തുടങ്ങി, പ്രാണികൾ വരാൻ തുടങ്ങി. ഇപ്പോൾ 90 ഏക്കറിലേക്ക് കൃഷി വ്യാപിപ്പിച്ചു. നൂറിലധികം ഇനം പച്ചക്കറിയും പല ഇനം നെല്ലുകളും അവരിന്ന് കൃഷി ചെയ്യുന്നു.

രാധാ മോഹൻ ഇക്കണോമിക്സ് പ്രൊഫസർ ആയിരുന്നു. സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണർ ആയാണ് വിരമിച്ചത്.

ജൈവ കൃഷിയിൽ കർഷകർക്ക് പരിശീലനം നൽകാനും മറ്റുമായി അവർ 'സംഭവ്' എന്ന സംഘടനയും തുടങ്ങി. കാർഷിക മേഖലയിലെ സംഭാവനകളുടെ പേരിൽ രാധാമോഹനെയും സബർമതിയെയും രാജ്യം പത്മശ്രീ നൽകി ആദരിക്കാൻ തീരുമാനിച്ച സന്തോഷവാർത്തയും അവരെ തേടിയെത്തി. •

